# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1533

15.02.2016 ലെ മറുപടിക്ക്

## ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.കെ.ബാലൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ മന്ത്രി) |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല.<br>സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനായുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ന്യൂനപക്ഷക്ഷേമവകുപ്പ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ബി) | സ്പെഷ്യൽ റൂൾ നിലവിലില്ലെങ്കിൽ ആയതിനു പകരമുള്ള എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ന്യൂനപക്ഷക്ഷേമ വകുപ്പിന് ഇതുവരെ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) | അനുബന്ധമായി (I) ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇവരിൽ ആരെയെങ്കിലും വകുപ്പ് അബ്സോർബ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി (II) ചേർത്തിരിക്കുന്നു. ഇവരിൽ ആരെയും വകുപ്പ് അബ്സോർബ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത തസ്തികകളിൽ നേരിട്ടുള്ള നിയമനം വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നിയമനം ലഭിച്ച തസ്തിക, യോഗ്യത, ശമ്പളം, നിയമനം നടത്തിയ രീതി എന്നിവ വിശദമാക്കുമോ; | (ഇ) | സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ലാത്തതിനാൽ നേരിട്ടുള്ള നിയമനം നടത്തിയിട്ടില്ല. |
| (എഫ്) | മന്ത്രിസഭ നേരിട്ടു നിയമനം നടത്തിയ തസ്തികകൾ ഉണ്ടോ; എങ്കിൽ നിയമനം നടത്തിയ തസ്തിക, യോഗ്യത, ശമ്പളം, നിയമന രീതി ,നിയമനം നൽകിയവരുടെ പേരും വിവരങ്ങളും എന്നിവ വ്യക്തമാക്കുമോ? | (എഫ്) | ന്യൂനപക്ഷക്ഷേമവകുപ്പ് ഡയറക്ടറായി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ഡോ.പി.നസീറിനെ നിയമിച്ചതും കാലയളവ് ദീർഘിപ്പിച്ചിട്ടുള്ളതും മന്ത്രിഭായോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഡോ.പി.നസീറിനെ റഗുലറൈസ് ചെയ്യുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ടി തസ്തികയുടെ യോഗ്യത, ശമ്പളം എന്നിവ നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം. I

| വകുപ്പിന് ഇതുവരെ അനുവദിച്ച തസ്തികകൾ | തസ്തികകളുടെ എണ്ണം |
|---|---|
| ഡയറക്ടർ | 1 |
| അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 |
| ഫിനാൻസ് ആഫീസർ | 1 |
| പ്രോജക്റ്റ് ആഫീസർ | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| എൽ.ഡി.ക്ലാർക്ക് | 34 |
| ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർഓപ്പറേറ്റർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 2 |
| ഇൻഫർമേഷൻ കം റിസർച്ച് ആഫീസർ | 1 |
| സൂപ്പർവൈസർ | 1 |
| പ്രിൻസിപ്പൽ | 16 |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ | 16 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടു ഡയറക്ടർ | 1 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ആഫീസ് അറ്റൻഡന്റ് | 20 |
| ഡ്രൈവർ ഗ്രേഡ് 2 | 1 |
| കാഷ്വൽ സ്വീപ്പർ | 7 |
| മദ്രസ്സാ മാനേജർ | 1 |
| അസിസ്റ്റന്റ് | 2 |
| അക്കൗണ്ടന്റ് | 1 |

മേൽ തസ്തികകളിൽ ഇൻഫർമേഷൻ കം റിസർച്ച് ആഫീസർ ( എം.ബി.എ./പി.ജി., 5 വർഷത്തെ പ്രവർത്തിപരിചയം ) പ്രിൻസിപ്പൽ (പി.ജി., യു.ജി.സി.(നെറ്റ്/ സി.എസ്.ഐ.ആർ. അല്ലെങ്കിൽ പ്രിൻസിപ്പൽ/സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ് ലക്ചർമാരായി റിട്ടയർ ചെയ്തവർ) എന്നീ തസ്തികകൾക്ക് യോഗ്യത നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് തസ്തികകൾക്ക് യോഗ്യത നിശ്ചയിച്ച് ഉത്തരവ്വ പുറപ്പെടുവിച്ചിട്ടില്ല.

( ഡെപ്യൂട്ടേഷൻ / അഡീഷൻ ടു കേഡർ / കരാർ / ദിവസവേതന അടിസ്ഥാനത്തിലാണ് നിയമനം നടത്തിവരുന്നത്. ജില്ലാ ന്യൂനപക്ഷ സെല്ലുകളിലെ 14 എൽ.ഡി.ക്ലർക്ക് തസ്തികകളിൽ റവന്യൂ വകുപ്പാണ് നിയമനം നടത്തിവരുന്നത്.)

സെക്ഷൻ ഓഫീസർ

**അനുബന്ധം. II**

## ഡെപ്യൂട്ടേഷൻവഴി നടത്തിയ നിയമനങ്ങൾ

| തസ്തിക | പേര് | നിയമന കാലയളവ് |
|---|---|---|
| ഡയറക്ടർ | ശ്രീ.ജി.ചക്രവർത്തി മധോസ് രൂപവൽസ് | – Till 25.08.2011 FN |
| | ഡോ.പി.നസീർ | 26.08.2011 FN – still continuing |
| പ്രോജക്ട് ആഫീസർ | ഡോ.കെ.റഹ്മത്തുള്ള | 19.06.2013 FN – still continuing |
| ജൂനിയർ സൂപ്രണ്ട് | ശ്രീ.വേണുകുമാർ.കെ.ബി. | 15.10.2012 FN – 11.10.2013 AN |
| | ശ്രീ.സുന്ദരേശൻ.ആർ | 25.02.2014 FN – 30.06.2014 AN |
| | ശ്രീമതി. ആർ.പത്മിനി | 04.10.2015 FN – still continuing |
| എൽ.ഡി.ക്ലാർക്ക് | ശ്രീ.വിനോദൻ.കെ.ടി. | 04.04.2011 FN – 03.05.2013 AN |
| | ശ്രീമതി.മഞ്ജുഷ.കെ | 06.04.2011 FN – 13.05.2013 AN |
| | ശ്രീമതി.ഡബ്ല്യു.ജെ.സുനിത | 18.06.2013 FN – 17.06.2014 AN |
| | ശ്രീ.ഷാനവാസ്.എസ് | 02.09.2013 FN – 01.09.2014 AN |
| | ശ്രീ.സബിൻ.എ.എസ്. | 25.06.2015 FN – still continuing |
| ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | ശ്രീമതി.സജിതാ ബീവി.എം.എസ്. | 01.10.2013 FN – still continuing |
| പ്യൂൺ | ശ്രീ.ജെ.ഡബ്ല്യു.ബിനുലാൽ | 07.07.2011 FN – 06.07.2012 AN |

സെക്ഷൻ ഓഫീസർ